

22-04-2022

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**



**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-21/04/2022.

1. കേന്ദ്ര കർഷകക്ഷേമ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന നാളികേര വികസന ബോർഡും ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുമായി ചേർന്ന് നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വെർച്ചൽ വ്യാപാരമേള ഏപ്രിൽ 26 മുതൽ 28 വരെ നടത്തുന്നു. നാളികേരാധിഷ്ഠിത ഭക്ഷ്യോല്പന്നങ്ങൾ മധുര പലഹാരങ്ങൾ, പാനീയങ്ങൾ മുതൽ ഭക്ഷ്യേതര ഉൽപന്നങ്ങളും മേളയിൽ പ്രദർശിപ്പിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് ഏറ്റവും പുതിയ നാളികേര ഉൽപന്നങ്ങളെ പരിചയപ്പെടുത്തൽ, നാളികേര ഉല്പന്നങ്ങൾ വാങ്ങാനുള്ള ക്രമീകരണം, വിൽക്കുന്നവരും വാങ്ങുന്നവരും തമ്മിൽ മുഖാമുഖം, വ്യാപാര അന്വേഷണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള സന്ദർശകർ തമ്മിൽ കൂടിക്കാഴ്ച, അന്വേഷണങ്ങൾ സുഗമമാക്കാൻ ബിസിനസ്സ് അന്വേഷണ ഫോമുകൾ തുടങ്ങി മേഖലയിലെ വ്യാപാരികൾക്കും നിർമ്മാതാക്കൾക്കും വെർച്ചൽ വ്യാപാര മേളയിൽ വിവിധ സേവനങ്ങളാണ് ഒരുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0484-4058041/42, 9746903555** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. കേരള സർക്കാർ സംരംഭമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ (കെപ്കോ) കോഴി യിറച്ചി, മാംസോൽപ്പന്നങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തുടങ്ങിയവ പത്തനംതിട്ട ജില്ലയിലെ ഏജൻസി കൾക്കും, മറ്റ് സ്ഥാപനങ്ങൾക്കും വിതരണം ചെയ്യുന്നതിന് ജില്ലാടിസ്ഥാനത്തിൽ മൊത്ത വിതരണ ഏജൻസികളെ ആവശ്യമുണ്ട്. ഒന്നര ടൺ ശേഷിയുള്ള ശീതികരണ സംഭരണി, ഫ്രീസർ വാഹനം എന്നിവ സ്വന്തമായി സജ്ജീകരിക്കാൻ സന്നദ്ധതയും, സാമ്പത്തിക ശേഷിയും ഉള്ളവർ അപേക്ഷിക്കുക. താൽപര്യ പത്രങ്ങൾ / അപേക്ഷകൻ മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേ ഷൻ ലിമിറ്റഡ്, പേട്ട തിരുവനന്തപുരം എന്ന വിലാസത്തിൽ 2022 ഏപ്രിൽ 27-ാം തീയതി വൈകുന്നേരം 4.00 മണിയ്ക്ക് മുൻപായി നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2478585, 9495000921, 9495000918 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ഓച്ചിറ പ്രീമിയർ ജംഗ്ഷനിൽ പ്രവർത്തിച്ച് കൊണ്ടിരുന്ന ക്ഷീരോത്പന്ന നിർമ്മാണ പരിശീലന കേന്ദ്രം ഓച്ചിറ കല്ലൂർ മുക്കിന് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന ബ്രഹ്മാനന്ദവിലാസം എൻ.എസ്.എസ് കരയോഗത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയതായി പരിശീലനകേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു.

4. തിരുവനന്തപുരം കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഉത്പാദിപ്പിച്ച നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യുകൾച്ചർ വാഴതൈകൾ തൈ ഒന്നിന് 20 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2413739** എന്ന ഫോൺ നമ്പരിലോ, bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

5. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാമിൽ ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻകോഴിക്കുഞ്ഞുങ്ങൾ 5 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000923 (കൊട്ടിയം), 9495000915, 9495000918, 0471–2478585 (തിരുവനന്തപുരം)** എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. തിരുവനന്തപുരം വെള്ളായണി കാർഷിക കോളജിലെ പോസ്റ്റ്ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് **പഴം – പച്ചക്കറിസംസ്കരണം** എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലനപരിപാടി ഈ മാസം **26–ന് (26.4.2022)** നടത്തുന്നു. 500/ രൂപയാണ് രജിസ്ട്രേഷൻ ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരമാവധി 20 പേർക്കാണ് പ്രവേശനം നൽകുന്നത്. താല്പര്യമുള്ളവർ **9447281300** എന്ന നമ്പറിൽ ബന്ധപ്പെടുക.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് മെയ് മാസം **12,13 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 19–ന് കാടവളർത്തൽ, 26,27 തീയതികളിൽ ബ്രോയിലർ വളർത്തൽ** എന്നീ പരിശീലനങ്ങൾ നടത്തുന്നു. താൽപ്പര്യമുള്ളവർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗവുമായി ബന്ധപ്പെട്ട് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും

രജിസ്ട്രേഷനുമായി **0479–2457778, 0479–2452277** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടുക.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഇടവേള കൂടിയ ടാപ്പിങ്ങ്‌രീതികൾ, യന്ത്രവത്കൃത ടാപ്പിങ്** എന്നിവയിൽ കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വച്ച് ഏപ്രിൽ 28-ന് പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **7306464582** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

9. വേനൽമഴ നന്നായി കിട്ടിയ സ്ഥലങ്ങളിൽ തെങ്ങിൻ തൈ നടാൻ പറ്റിയ സമയമാണ്. 9 മുതൽ 12 മാസം വരെ പ്രായമായ നല്ല ആരോഗ്യമുള്ളതും രോഗബാധ ഇല്ലാത്തതുമായ തൈകളാണ് തിരഞ്ഞെടുക്കേണ്ടത്. 9 മാസം പ്രായമായ തെങ്ങിൻ തൈകളിൽ ചുരുങ്ങിയത് 4 ഓലകളെങ്കിലും ഉണ്ടായിരിക്കണം. നേരത്തെ മുളച്ചതും നേരത്തെ ഓലക്കാൽ വിരിഞ്ഞതുമായ തൈകൾ വേണം നടാൻ തിരഞ്ഞെടുക്കേണ്ടത്. വെസ്റ്റ് കോസ്റ്റ് ടോൾ, കോമാടൻ, കുറ്റ്യാടി, ലക്ഷദ്വീപ് ഓർഡിനറി തുടങ്ങിയ നാടൻ ഇനങ്ങളും ഡിxറ്റി, കേരഗംഗ, കേരശ്രീ, കേരസൗഭാഗ്യ തുടങ്ങിയ ഇനങ്ങളുമാണ് നടാൻ നല്ലത്. ഡിxറ്റി കാസർഗോഡുള്ള പീലിക്കോട് പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രത്തിൽ നിന്നും നേരത്തെ ബുക്ക് ചെയ്താൽ ലഭ്യമാകുന്നതാണ്. മഴക്കാലത്തിനു മുമ്പ് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം തളിക്കുന്നതു വഴി കൂമ്പുചീയൽ, ഓലചീയൽ, മഹാളി എന്നീ രോഗങ്ങളെ പ്രതിരോധിക്കാൻ കഴിയും.